**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3093**

**18.10.2016 - ൽ മറുപടിക്ക്.**

## ചട്ടഞ്ചാൽ വ്യവസായ കേന്ദ്രത്തിൽ സ്ഥലം അനുവദിച്ച് നൽകാൻ നടപടി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ. | | മറുപടി<br>**ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി).** |
|---|---|---|
| (എ) വ്യവസായ വകുപ്പിന്റെ ചട്ടഞ്ചാൽ വ്യവസായ കേന്ദ്രത്തിൽ റ്റി. തോമസ്, മൈലാട്ടി എന്നയാൾക്ക് സ്ഥലം അനുവദിച്ച് നൽകി ഉത്തരവ് നൽകിയിരുന്നോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) : | നൽകിയിരുന്നു.<br>ശ്രീ. തോമസിന് മെ. മാത സ്റ്റീൽ ഫർണീച്ചർ എന്ന സ്ഥാപനം തുടങ്ങുന്നതിന് 15 സെന്റ് സ്ഥലം 31/12/2013-ൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) സ്ഥലം ഇതുവരെ വ്യവസായം തുടങ്ങുന്നതിന് വിട്ടു നൽകിയിട്ടില്ലാ എന്ന പരാതി സ്ഥലം എം. എൽ.എ. വഴി വ്യവസായ വകുപ്പിന് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ; | (ബി) : | ഉണ്ട്. ശ്രീ. തോമസിന് അനുവദിച്ച സ്ഥലത്ത് പ്രവർത്തനം തുടങ്ങാൻ ചകിരി ഫാക്ടറിക്കാർ അനുവദിക്കുന്നില്ലെന്നും വേറെ സ്ഥലം അനുവദിക്കണമെന്നുമാണ് അപേക്ഷയിലെ വിശദാംശം.<br>ഇതു സംബന്ധിച്ച് ചട്ടഞ്ചാൽ വികസന പ്ലോട്ടിൽ മറ്റെവിടെയെങ്കിലും സ്ഥലം ലഭ്യമാണോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ എസ്റ്റേറ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) സ്ഥലം അനുവദിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച റ്റി. തോമസ്സിന് സ്ഥലം ഇതുവരെ നൽകാത്തതുകാരണം ഉണ്ടായ സാമ്പത്തിക നഷ്ടത്തിന് ആര് ഉത്തരവാദിത്തം വഹിക്കും എന്ന് അറിയിക്കാമോ ? | (സി) : | അനുവദിച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്താത്തതിനാൽ സാമ്പത്തിക നഷ്ടത്തിന് വ്യവസായ വാണിജ്യ വകുപ്പിന് ബാധ്യതയില്ല. |

സെക്ഷൻ ഓഫീസർ.

കെ/15/10